DWCD/5064/2023-D3

I/118270/2023

വനിത ശിശു വികസന ഡയറക്ടറേറ്റ്,
പൂജപ്പുര, തിരുവനന്തപുരം
തീയതി : 29-09-2023
Email - directorate.wcd@ kerala.gov.in
Phone - 0471 – 2346534

**സർക്കുലർ**

വിഷയം: വനിത ശിശു വികസന വകുപ്പ് – ഡയറക്ടറേറ്റ് – സർക്കാർ വകുപ്പുകൾ പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്ന ഫാറങ്ങളും സർട്ടിഫിക്കറ്റുകളും ദ്വിഭാഷയിലായിരിക്കണമെന്ന് നിർദ്ദേശം നൽകുന്നത് - സംബന്ധിച്ച്.

സൂചന: ഉദ്യോഗസ്ഥ - ഭരണപരിഷ്കാര (ഔദ്യോഗികഭാഷ) വകുപ്പിന്റെ 31.08.2023 തീയതിയിലെ ജി.ഒ.(എം.എസ്.) നം.17/2023/പി&എആർഡി നമ്പർ ഉത്തരവ്.

സൂചനയിലേയ്ക്ക് ശ്രദ്ധ ക്ഷണിക്കുന്നു. സർക്കാർ വകുപ്പുകൾ, പൊതു ജനങ്ങൾക്ക് ലഭ്യമാക്കുന്ന ഫാറങ്ങളും സർട്ടിഫിക്കറ്റുകളും ദ്വിഭാഷയിലാ യിരിക്കണമെന്ന് (മലയാളവും ഇംഗ്ലീഷും) നിഷ്കർഷിച്ചു കൊണ്ടുള്ള സർക്കാർ ഉത്തരവ് മേൽ സൂചന പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവ് ഈ കാര്യാലയത്തിന്റെയും വകുപ്പിന് കീഴിലുള്ള എല്ലാ കാര്യാലയങ്ങളുടെയും അറിവിലേയ്ക്കായി ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

(ഒപ്പ്)
വനിത ശിശു വികസന ഡയറക്ടർ

എല്ലാ കീഴ്കാര്യാലയ മേധാവികൾക്കും

Signed by Priyanka G
Date: 29-09-2023 17:10:06

346279/2023/FC DWCD

DWCD/5064/2023-D3



ഭരണഭാഷ - മാതൃഭാഷ

**കേരളസർക്കാർ**

**സംഗ്രഹം**

ഉദ്യോഗസ്ഥ-ഭരണപരിഷ്കാര (ഔദ്യോഗികഭാഷ) വകുപ്പ് - വിവിധ സർക്കാർവകുപ്പുകൾ പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്ന ഫാറങ്ങളും സർട്ടിഫിക്കറ്റുകളും ദ്വിഭാഷയിലായിരിക്കണമെന്ന് നിർദേശം നൽകിക്കൊണ്ട് ഉത്തരവു പുറപ്പെടുവിക്കുന്നു.

**ഉദ്യോഗസ്ഥ-ഭരണപരിഷ്കാര(ഔദ്യോഗികഭാഷ) വകുപ്പ്**

**ജി.ഒ(എം.എസ്)നം.17/2023/പി&എആർഡി** **തിരുവനന്തപുരം, തീയതി.21/08/2023**

പരാമർശം:- 09/06/2022 തിയതിയിലെ ജി.ഒ(എം.എസ്)നം.12/2022/പി&എആർഡി ഉത്തരവ്.

**ഉത്തരവ്**

സംസ്ഥാനത്ത് ഭരണഭാഷ പൂർണ്ണമായും മലയാളമാക്കുക എന്നതാണ് സർക്കാരിന്റെ പ്രഖ്യാപിതനയം. ഈ നയം നടപ്പിൽവരുത്തുന്നതിന്റെ ഭാഗമായി ഭാഷാന്യൂനപക്ഷങ്ങൾക്കുള്ള അവകാശങ്ങൾ നിലനിർത്തിക്കൊണ്ട്, സംസ്ഥാനത്തിനുള്ളിലെ ആവശ്യങ്ങൾക്കുള്ള ഫാറങ്ങളും സർട്ടിഫിക്കറ്റുകളും മലയാളത്തിൽമാത്രം അച്ചടിച്ചാൽ മതിയെന്ന് നിർദേശംനൽകിക്കൊണ്ട് പരാമർശപ്രകാരം ഉത്തരവു പുറപ്പെടുവിച്ചിരുന്നു.

എന്നാൽ, മലയാളഭാഷയിൽ മാത്രം അച്ചടിച്ച ഫാറങ്ങളും സർട്ടിഫിക്കറ്റുകളും ഉപയോഗിക്കുമ്പോൾ കേരളത്തിൽ അധിവസിക്കുന്ന ന്യൂനപക്ഷഭാഷക്കാർക്കും മലയാളഭാഷ കൈകാര്യം ചെയ്യുന്നതിൽ പിന്നാക്കം നിൽക്കുന്നവർക്കും കേരളത്തിൽ താമസിക്കുന്ന ഇതരസംസ്ഥാനക്കാർക്കും അവ കൃത്യമായി മനസ്സിലാക്കുന്നതിൽ ബുദ്ധിമുട്ടുണ്ടാകുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ഭാഷാന്യൂനപക്ഷങ്ങൾക്ക് നിലവിലുള്ള അവകാശങ്ങൾ നിലനിറുത്തിക്കൊണ്ട് വിവിധ സർക്കാർ വകുപ്പുകൾ പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്ന ഫാറങ്ങളും സർട്ടിഫിക്കറ്റുകളും ദ്വിഭാഷയിലായിരിക്കണമെന്ന് (മലയാളവും ഇംഗ്ലീഷും) നിർദേശംനൽകി പരാമർശപ്രകാരമുള്ള ഉത്തരവ് ഭേദഗതി ചെയ്തുകൊണ്ട് ഉത്തരവു പുറപ്പെടുവിക്കുന്നു.

പ്രസ്തുത ആവശ്യത്തിലേക്കായി വകുപ്പുതലത്തിലുള്ള സോഫ്റ്റുവെയറുകളിൽ ആവശ്യമായ മാറ്റംവരുത്തേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)

**ഉദയകുമാർ.എസ്.ആർ**

ജോയിന്റ്സെക്രട്ടറി

ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറി
എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറി /പ്രിൻസിപ്പൽ സെക്രട്ടറി /സെക്രട്ടറി /സ്പെഷ്യൽ സെക്രട്ടറിമാർക്കും സെക്രട്ടേറിയറ്റിലെ ധനകാര്യം, നിയമം ഉൾപ്പെടെ എല്ലാ വകുപ്പുകളിലെ സെക്ഷനുകൾക്കും
എല്ലാ ജില്ലാ കളക്ടർമാർക്കും/എല്ലാ വകുപ്പുമേധാവികൾക്കും
സർക്കാർ നിയന്ത്രണത്തിലുള്ള പൊതുമേഖല/അർധസർക്കാർ/സ്വയംഭരണ/സഹകരണ സ്ഥാപനങ്ങളുടെ തലവൻമാർക്ക്
വിവര-പൊതുജനസമ്പർക്ക (വെബ് & മീഡിയ വിഭാഗം/ പ്രസ് റിലീസ് വിഭാഗം) വകുപ്പ്
പ്രിന്റിങ് & സ്റ്റേഷനറി വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ